# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജനുവരി 16**

---

## അഖിലേന്ത്യാ കിരീടവുമായി വനിതാ വോളിബോൾ ടീം; യോഗം നിർത്തിവച്ച് സിൻഡിക്കേറ്റിൻറെ വരവേൽപ്പ്

ഒഡീഷയിലെ ഭുവനേശ്വറിൽ നടന്ന അഖിലേന്ത്യാ അന്തർ സർവകലാശാലാ വനിതാ വോളിബോൾ ചാമ്പ്യൻഷിപ്പിൽ കിരീടം നേടിയ മഹാത്മാ ഗാന്ധി സർവകലാശാലാ ടീമിന് ഊഷ്മള വരവേൽപ്പ്. സിൻഡിക്കേറ്റ് യോഗം താത്കാലികമായി നിർത്തിവച്ചാണ് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാറും സിൻഡിക്കേറ്റിലെ മറ്റ് അംഗങ്ങളും കോട്ടയം റെയിൽവേ സ്റ്റേഷനിൽ ടീമിനെ സ്വീകരിക്കാൻ എത്തിയത്.

ട്രെയിനിൽ നിന്നിറങ്ങിയ താരങ്ങളെ കരഘോഷത്തോടെ സ്വീകരിച്ച് പൂക്കളും മധുരവും സമ്മാനിച്ചു. സർവകലാശാലായുടെ നാൽപ്പതാം വാർഷികാഘോഷത്തിന് മാറ്റുകൂട്ടുന്ന നേട്ടമാണിതെന്ന് വൈസ് ചാൻസലർ പറഞ്ഞു.

സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ, അഡ്വ. റെജി സക്കറിയ, ഡോ. എ. ജോസ്, ഡോ. ബിജു തോമസ്, രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ എന്നിവർ സംസാരിച്ചു. സിൻഡിക്കേറ്റ് അംഗങ്ങളായ പി.ഹരികൃഷ്ണൻ, ഡോ. ബി. കേരളവർമ, ബാബു മൈക്കിൾ, ഡോ.എസ്. ഷാജിലാ ബീവി, ഡോ. നന്ദകുമാർ കളരിക്കൽ, ഡോ. ആർ. അനിത, ഡോ. സിനി കുര്യൻ, അമൽ ഏബ്രഹാം, കോളജ് ഡവലപ്മെൻറ് കൗൺസിൽ ഡയറക്ടർ ഡോ. പി.ആർ. ബിജു, സർവകലാശാലാ സെക്യൂരിറ്റി ഓഫീസർ കെ.എം. ജോർജ്, സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻഡ് സ്പോർസ് സയൻസസ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എൻ.കെ. നെജിത എന്നിവർ സന്നിഹിതരായിരുന്നു.

അഖിലേന്ത്യാ അന്തർ സർവകലാശാലാ വനിതാ വോളിബോൾ ചാമ്പ്യൻഷിപ്പിൽ സർവകലാശാലയുടെ 22-ാം കീരിടമാണിത്.
രണ്ടിനെതിരെ മൂന്നു സെറ്റുകൾക്ക് ബംഗാളിലെ അഡാമസ് സർവകലാശാലയെയാണ് കലാശപ്പോരാട്ടത്തിൽ പാലാ അൽഫോൻസാ കോളജിലെ നിവേദിത ജയൻറെ നേതൃത്വത്തിലുള്ള ടീം തകർത്തത്. ഇതിനു മുൻപ് 2017ലാണ് എം.ജി സർവകലാശാല ചാന്പ്യൻമാരായത്.

ടീം: റോളി പതക്, അനന്യ ശ്രീ, എം.എസ്. വിഭ, എസ്. ആര്യ, വി. അഞ്ജന(കാതോലിക്കേറ്റ് കോളജ് പത്തനംതിട്ട), കെ. ആര്യ, അൽന രാജ്, എയ്ഞ്ചൽ തോമസ്, സ്നേഖ(അസംപ്ഷൻ കോളജ് ചങ്ങനാശേരി), രഞ്ജു ജേക്കബ്, അനീറ്റ ആൻറണി, നിവേദിത ജയൻ(അൽഫോൻസ കോളജ് പാലാ). മുഖ്യ പരിശീലകൻ-വി. അനിൽകുമാർ. സഹപരിശീലകൻ-നവാസ് വഹാബ്. മാനേജർമാർ- സുജ മേരി ജോർജ്, ഡോ. ജിമ്മി ജോസഫ്.

(പി.ആർ.ഒ/39/51/2024)

## സിവിൽ സർവീസ് പരീക്ഷാ പരിശീലനം; 22 വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ജനുവരിയിൽ ആരംഭിക്കുന്ന പ്രിലിംസ് കം മെയിൻസ് ബാച്ചിലേക്ക് ജനുവരി 22 വരെ അപേക്ഷ നൽകാം. എസ്എസ്എൽസി മുതൽ യോഗ്യതയുള്ളവർക്ക് പരിശീലനം നേടാം. വിശദ വിവരങ്ങൾ 9188374553 എന്ന നമ്പറിൽ ലഭിക്കും.

(പി.ആർ.ഒ/39/52/2024)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ആറാം സെമസ്റ്റർ സിബിസിഎസ്എസ്(2016 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്, ആറാം സെമസ്റ്റർ സിബിസിഎസ്എസ് സൈബർ ഫോറൻസിക്(2017,2018 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഫെബ്രുവരി ഏഴു വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. ഫൈനോടു കൂടി ഫെബ്രുവരി എട്ടിനും സൂപ്പർ ഫൈനോടു കൂടി ഫെബ്രുവരി ഒൻപതിനും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/53/2024)

## പരീക്ഷാ തീയതി

ആറാം സെമസ്റ്റർ ഐ.എം.സി.എ(2020 അഡ്മിഷൻ റഗുലർ, 2017,2018,2019 അഡ്മിഷനുകൾ സപ്ലിമെൻററി), ഡിഡി.എം.സി.എ(2016 അഡ്മിഷൻ സപ്ലിമെൻററി, 2014,2015 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകൾ ജനുവരി 23ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/54/2024)

## പ്രാക്ടിക്കൽ

ഒന്നാം വർഷ എം.എസ്.സി മെഡിക്കൽ അനാട്ടമി(2022 അഡ്മിഷൻ റഗുലർ, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2017ന് മുൻപുള്ള അഡ്മിഷനുകൾ മെഴ്സി ചാൻസ് - നവംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ, വൈവ പരീക്ഷകൾ നാളെ(ജനുവരി 18) മുതൽ നടക്കും. ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

......................

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ മദ്ദളം(പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2017-2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - ഒക്ടോബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ(കോർ, ഓപ്പൺ കോഴ്സ്) നാളെ(ജനുവരി 18) തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

......................

മൂന്നാം സെമസ്റ്റർ എം.എസ്.സി ബയോകെമിസ്ട്രി സി.എസ്.എസ്(2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി - നവംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ നാളെ(ജനുവരി 18) മുതൽ അതത് പരീക്ഷാ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

......................

മൂന്നാം സെമസ്റ്റർ എം.എസ്.സി എൻവയോൺമെൻറൽ സയൻസ് ആൻറ് മാനേജ്മെൻറ് സി.എസ്.എസ്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021 അഡ്മിഷൻ സപ്ലിമെൻററി - നവംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 22ന് കാലടി ശ്രീ ശങ്കര കോളജിൽ നടക്കും.

(പി.ആർ.ഒ/39/55/2024)

## പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ എം.എസ്.സി ഫൈറ്റോമെഡിക്കൽ സയൻസ് ആൻറ് ടെക്നോളജി(പി.ജി.സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജനുവരി 30 വരെ ഓൺലൈനിൽ സമർപ്പിക്കാം.

........................

രണ്ടാം സെമസ്റ്റർ എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ്(അപ്ലൈഡ്), എം.എസ്.സി ജിയോളജി(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ

നിശ്ചിത ഫീസ് അടച്ച് ജനുവരി 30 വരെ ഓൺലൈനിൽ സമർപ്പിക്കാം.

........................

കഴിഞ്ഞ ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി ബയോകെമിസ്ട്രി(പി.ജി.സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജനുവരി 30 വരെ ഓൺലൈനിൽ സമർപ്പിക്കാം.

........................

കഴിഞ്ഞ സെപ്റ്റംബറിൽ നടത്തിയ പത്താം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.എ എൽ.എൽ.ബി(2012 മുതൽ 2015 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജനുവരി 30 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

........................

കഴിഞ്ഞ സെപ്റ്റംബറിൽ നടത്തിയ പത്താം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.കോം എൽഎൽബി(ഓണേഴ്സ് - 2018 അഡ്മിഷൻ റഗുലർ), പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം എൽഎൽബി(ഓണേഴ്സ് - 2015 മുതൽ 2017 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ 2018 അഡ്മിഷൻ വിദ്യാർഥികൾ നിശ്ചിത ഫീസ് അടച്ച് ഓൺലൈനിലും 2018ന് മുൻപുള്ളവർ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിലും സമർപ്പിക്കണം. അവസാന തീയതി ജനുവരി 30. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

........................

കഴിഞ്ഞ സെപ്റ്റംബറിൽ നടത്തിയ പത്താം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.എ എൽഎൽബി(ഓണേഴ്സ് - 2018 അഡ്മിഷൻ റഗുലർ), പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ എൽഎൽബി(ഓണേഴ്സ് - 2016,2017 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ 2018 അഡ്മിഷൻ വിദ്യാർഥികൾ നിശ്ചിത ഫീസ് അടച്ച് ഓൺലൈനിലും 2018ന് മുൻപുള്ളവർ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിലും സമർപ്പിക്കണം. അവസാന തീയതി ജനുവരി 30. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

........................

കഴിഞ്ഞ മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബിവോക് വിഷ്വൽ മീഡിയ ആൻറ് ഫിലിം മേക്കിംഗ്, ഏപ്രിലിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.വോക് വിഷ്വൽ മീഡിയ ആൻറ് ഫിലിം മേക്കിംഗ് (2021 അഡ്മിഷൻ റഗുലർ - പുതിയ സ്കീം) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ

നിശ്ചിത ഫീസ് അടച്ച് ജനുവരി 30 വരെ ഓൺലൈനിൽ സമർപ്പിക്കാം.
........................

മെയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ഐഎംസിഎ(2021 അഡ്മിഷൻ റഗുലർ, 2017-2020 അഡ്മിഷൻ സപ്ലിമെൻററി), ഡിഡിഎംസിഎ(2015,2016 അഡ്മിഷൻ സപ്ലിമെൻററി, 2014 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജനുവരി 30 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.
........................

കഴിഞ്ഞ ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി സ്പേസ് സയൻസ്(പി.ജി.സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജനുവരി 31 വരെ ഓൺലൈനിൽ സമർപ്പിക്കാം.

......................

കഴിഞ്ഞ ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി മൈക്രോബയോളജി(പി.ജി.സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജനുവരി 31 വരെ ഓൺലൈനിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/56/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**